# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1236 — 04/02/2019 മറുപടിയ്ക്ക്

## സ്കൂളുകളിൽ കൗൺസിലിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികൾ സ്കൂളിലും പുറത്തും നേരിടുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ എഴുതി നിക്ഷേപിക്കുന്നതിനായി സ്കൂളുകളിൽ സുരക്ഷാപെട്ടി സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾ നേരിടുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എഴുതി നിക്ഷേപിക്കുന്നതിനായി സ്കൂളുകളിൽ സഹായപ്പെട്ടികൾ സ്ഥാപിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിപ്പെട്ടി തുറന്ന് പരിശോധിക്കുന്നതിന് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി.ടി.എ കമ്മിറ്റി അംഗം എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കുള്ള പരാതികൾ അറിയിക്കുന്നതിനായി പോക്സോ ഓൺലൈൻ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദശങ്ങളും നൽകിയിട്ടുണ്ട്<br><br>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലും തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലും സുരക്ഷാപെട്ടി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഏത് പദ്ധതിയുടെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്; നിലവിൽ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ കൗൺസിലിംഗ് നൽകുന്നതിന് സംവിധാനമുണ്ടോ; | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾക്ക് സ്കൂളിൽ കൗൺസിലിംഗ് നൽകുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്കൂൾ കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സൗഹൃദ ക്ലബ്ബ് മുഖേന കൗൺസിലിംഗ് ഉൾപ്പെടെ കൗമാരക്കാരായ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളിൽ സൗഹൃദ ക്ലബ്ബ് കോ- ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |

| | | |
|---|---|---|
| | | തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ സൗഹൃദ ക്ലബ്ബിന്റെ ഭാഗമായി 2012-13 അധ്യയന വർഷം മുതൽ കൗൺസിലിംഗ് നൽകുന്നതിനുള്ള അവസര മുണ്ട് |
| (സി) | സ്കൂൾകുട്ടികൾക്കുള്ള കൗൺസിലിംഗിനായി മന:ശാസ്ത്ര വിദഗ്ദരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ കുട്ടികൾക്കുള്ള കൗൺസിലിംഗിനായി മന: ശാസ്ത്ര വിദഗ്ദരുടെ പാനൽ തയ്യാറാക്കിയിട്ടില്ല.<br><br>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് ബാംഗ്ലൂരിൽ നിന്നും പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനവും മറ്റു വിദഗ്ധരുടെ സേവനവും ലഭ്യമാണ്. ഇവരുടെ പട്ടിക സൗഹൃദ ക്ലബ്ബുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ മന:ശാസ്ത്ര വിദഗ്ദരുടെ പാനൽ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ